ആരോഗ്യം



ഡോ. എം. പ്രസാദിന്റെ
ആരോഗ്യപംക്തി

''ഓട്ടിസം എന്ന ദയനീയ യാഥാർത്ഥ്യത്തെ അഭിമുഖീകരിക്കുന്ന കുട്ടികളും മാതാപിതാക്കളും പരിചാരകരും കുറേക്കൂടി ശ്രദ്ധയോടെയുള്ള പരിഗണനയും പിന്തുണയും അർഹിക്കുന്നുണ്ട്. സമൂഹത്തിന്റെ മൊത്തം സന്തുലനത്തിന് അത് അത്യന്താപേക്ഷിതമായിരിക്കുന്നു''

# ഓട്ടിസത്തിന്റെ വൈദ്യേതരമാനങ്ങൾ

ലോകത്തിലെ മറ്റേതു ഭാഗത്തുമെന്നപോലെ ഓട്ടിസം ബാധിച്ച കുട്ടികളുടെ എണ്ണത്തിൽ ആശങ്കാജനകമായ വർദ്ധനവാണ് നമ്മുടെ നാട്ടിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. രോഗവിവരത്തെക്കുറിച്ചുള്ള കണക്കുകൾ ഏറെക്കുറെ കൃത്യമായി ലഭ്യമാകുന്ന അമേരിക്കയിൽ ഓട്ടിസത്തെ സംബന്ധിച്ചുനടത്തിയ പുതിയ പഠനഫലങ്ങൾ പുറത്തുവിട്ടിട്ടുണ്ട്. ഇതനുസരിച്ച് അവിടെ മൂന്നുമുതൽ പതിനേഴു വയസ്സുവരെയുള്ള കുട്ടികളിൽ തൊണ്ണൂറ്റിയേഴിലൊരാൾ രോഗബാധിതനാണത്രേ! ഈ കണക്ക് നൽകുന്ന സാമൂഹ്യയാഥാർത്ഥ്യത്തിന്റെ, അതുണ്ടാക്കാനിരിക്കുന്ന പ്രത്യാഘാതത്തിന്റെ, വൈദ്യ-വൈദ്യേതര മാനങ്ങളും ഗൗരവവും കാണാതിരുന്നുകൂട. ഇക്കാര്യത്തിൽ ഒരുണർച്ച, അതെത്രനേരത്തെയുണ്ടാകുമോ അത്രയും നന്ന്. കുട്ടികളെ ബാധിക്കുന്ന ഒരു സ്വഭാവവൈകല്യമാണ് ഓട്ടിസം എന്ന നിർവചനം ഏറെക്കുറെ കാലഹരണപ്പെട്ടിരിക്കുന്നു. ഓട്ടിസത്തിന്റെ സ്വഭാവവിശേഷങ്ങളോടുകൂടിയ മുതിർന്നവർ സമൂഹത്തിലെ ഒരു പ്രകടസാന്നിദ്ധ്യമാകാൻ ഏറെ വൈകിയേക്കില്ല എന്നത് അമ്പരപ്പോടെയാണെങ്കിലും അംഗീകരിക്കേണ്ട വസ്തുതയായി നിലനിൽക്കുന്നു. എന്നാൽ ഈ വാസ്തവത്തെ അഭിമുഖീകരിക്കാൻ വേണ്ടുന്ന പക്വതയും വകതിരിവും ഒരു സമൂഹം എന്ന നിലയിൽ നാം ആർജിച്ചിട്ടുണ്ടോ? വരാനിരിക്കുന്ന മുതിർന്നവരുടെ കാര്യം പോകട്ടെ, ഇപ്പോഴുള്ള കുഞ്ഞുങ്ങളെപ്പോലും കൈകാര്യം ചെയ്യാൻ വേണ്ട വിഭവ - വഴക്കങ്ങൾ നമുക്കില്ല എന്നതാണ് നേര്. എന്നാൽ നമ്മുടെ തയ്യാറെടുപ്പുകൾക്കു കാത്തുനിൽക്കാതെ ഓട്ടിസം തന്റെ വേട്ട വ്യാപകമാക്കിക്കൊണ്ടിരിക്കുന്നു.

ഒരു വൈദ്യസമസ്യ എന്നതിനപ്പുറത്തും ഒട്ടേറെ തലങ്ങൾ ഓട്ടിസത്തെക്കുറിച്ച് ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. വൈകാരികം, കുടുംബപരം, സാമൂഹികം, സാമ്പത്തികം എന്നിങ്ങനെ ഇവ ആഴവും പരപ്പുമാർജിക്കുന്നു. ഈ അജണ്ടകളൊന്നും തന്നെ ചർച്ചയ്ക്കെടുക്കാൻ ഇനിയും നമുക്കായിട്ടില്ല. ഇത്തരം ചില കാര്യങ്ങളെ സംബന്ധിച്ച സൂചനകളാണ് ഇവിടെ നൽകുന്നത്.

കുഞ്ഞിന്റെ, പലപ്പോഴും ഒരേയൊരു കുഞ്ഞിന്റെ,രോഗം ഉണ്ടാക്കുന്ന പരിഭ്രമം, അവ്യക്തതകൾ, കുഞ്ഞിന്റെ രോഗം മറ്റുള്ളവരിൽ നിന്നും മറച്ചുപിടിക്കാനുള്ള ആദ്യകാല വ്യഗ്രത, കുടുംബവരുമാനം പകുതിയായി കുറയുന്നതിന്റെ അരക്ഷിതത്വബോധം, മുമ്പോട്ടുള്ള യാത്രയെപ്പറ്റി എന്തെങ്കിലുമൊക്കെ സങ്കൽപ്പിക്കാനും സ്വപ്നം കാണാനുമുള്ള ധൈര്യക്കുറവ് എന്നിവയെല്ലാം ചേർന്ന് ചെറുപ്പക്കാരായ ഈ മാതാപിതാക്കൾ, പ്രത്യേകിച്ചും അമ്മ, കടുത്ത മാനസിക സംഘർഷത്തിലായി

സുനേത്രി ആയുർവേദാശ്രമം
& റിസർച്ച് സെന്റർ
മതിക്കുന്ന്, തൃക്കൂർ, തൃശൂർ- 680314
ഫോൺ : 0487 3262150
sunethriayurveda@gmail.com
www.sunethriayurveda.com

പ്പോകുന്നു. തൊ ഴിലിടവും ചങ്ങാതികളുമെല്ലാമായി അച്ഛൻ കുറെയൊക്കെ മനസ്സയവ് നേടുമ്പോൾ അമ്മയുടെ ജീവിതം നൂറ്റൊന്നുശതമാനവും കുഞ്ഞെന്ന കേന്ദ്രബിന്ദുവിനെ ചുറ്റിപ്പറ്റിയായിരിക്കും. പരസ്പരം താങ്ങാകുന്നില്ല ദാമ്പത്യമെങ്കിൽ ജീവിതം പഴിചാരലുകളുടെയും പൊട്ടിത്തെറികളുടേയും ഇടയിലകപ്പെട്ടുപോകാനും മതി.

രണ്ടുപേരും തൊഴിലെടുത്തു ജീവിക്കുന്ന ചെറുപ്പക്കാരായ മാതാപിതാക്കളെ സംബന്ധിച്ച് കുഞ്ഞിന് ഓട്ടിസം ബാധിച്ചിരിക്കുന്നു എന്ന അറിവ് ജീവിതയാത്രയിലെ ഏറ്റവും കടുത്ത ഉലച്ചിലാണ്. നഗരത്തിലെ അണുകുടുംബങ്ങളിൽ രണ്ടുപേരും തൊഴിലെടുത്താലല്ലാതെ ജീവിക്കാനാകില്ല എന്നിരിക്കെ, കുഞ്ഞിന്റെ രോഗം ഒരാളുടെ തൊഴിൽ ജീവിതത്തിന് ഏറെക്കുറെ പൂർണ്ണവിരാമമിടുന്നു. ഇത് സ്ത്രീയുടേതാകുക എന്നതാണ് സാമാന്യനിയമം വിദേശത്തുജോലി ചെയ്യുന്നവരാണെങ്കിൽ അമ്മ കുഞ്ഞിനെയും കൊണ്ട് നാട്ടിലേക്ക് നാട്ടിലേക്കു മടങ്ങാൻ നിർബന്ധിതയാകുന്നു.

ഓട്ടിസത്തിന് നിരുപാധികമായി പിൻപറ്റാവുന്ന ചികിത്സാരീതികളൊന്നും ഇനിയും കണ്ടെത്തിയെന്നു പറയാനാവില്ല. എന്നാൽ ശ്രദ്ധയോടെയും നിശ്ചയദാർഢ്യത്തോടെയും ഉള്ള ഇടപെടലുകൾ വലിയ മാറ്റങ്ങളുളവാക്കുന്നുണ്ട്. എന്നാൽ രോഗനിർണ്ണയത്തെത്തുടർന്നുള്ള ആദ്യഘട്ടത്തിൽ ശരിയായ മാർഗ നിർദ്ദേശം മാതാപിതാക്കൾക്കു ലഭിക്കാത്തതുമൂലം ഒട്ടേറെ ബുദ്ധിമുട്ടുകൾ വന്നുചേരുന്നു. രണ്ടുകാര്യങ്ങളാണ് ഇക്കാര്യത്തിൽ പ്രധാനം. വേണ്ടത്ര അവധാനതയില്ലാതെ പലതരം ചികിത്സകളും ഔഷധങ്ങളും പരീക്ഷിച്ചുകൊണ്ട് നടത്തുന്ന ആദ്യഘട്ട 'ഡോക്ടർ ഷോപ്പിങ് ' വരുത്തിവയ്ക്കുന്ന നിരാശയും സാമ്പത്തിക ബാധ്യതയും ആണ് ഇവയിലൊന്നാമത്തേത്. സവിശേഷ പോഷകക്കൂട്ടുകളും വിഷഹരൗഷധങ്ങളും ചികിത്സാപദ്ധതികളും ഒക്കെയായി വൻകിട വ്യാപാരം നടത്തുന്നവരിൽ നിന്നുള്ള ചൂഷണമാണ് രണ്ടാമത്തേത്. ഈ വക കാര്യങ്ങളിലെല്ലാം കിഴക്കെന്നോ പടിഞ്ഞാറെന്നോ ഭേദമില്ലാതെ ലോക



**ഓട്ടിസത്തിന് നിരുപാധികമായി പിൻപറ്റാവുന്ന ചികിത്സാരീതികളൊന്നും ഇനിയും കണ്ടെത്തിയെന്നു പറയാനാവില്ല. ശ്രദ്ധയോടെയും നിശ്ചയദാർഢ്യത്തോടെയും ഉള്ള ഇടപെടലുകൾ വലിയ മാറ്റങ്ങളുണ്ടാക്കുന്നുണ്ട്. പക്ഷെ രോഗനിർണ്ണയത്തെത്തുടർന്നുള്ള ആദ്യഘട്ടത്തിൽ ശരിയായ മാർഗ നിർദ്ദേശം മാതാപിതാക്കൾക്കു ലഭിക്കാത്തതുമൂലം ഒട്ടേറെ ബുദ്ധിമുട്ടുകൾ വന്നുചേരുന്നു. പലതരം ചികിത്സകളും ഔഷധങ്ങളും പരീക്ഷിച്ചുകൊണ്ട് നടത്തുന്ന ആദ്യഘട്ട 'ഡോക്ടർ ഷോപ്പിങ് ' വരുത്തിവയ്ക്കുന്ന നിരാശയും സാമ്പത്തിക ബാധ്യതയും ഇതിൽ പ്രധാനമാണ്.**

ത്തെമ്പാടും ഒരേ അവസ്ഥയാണ്.

മാതാപിതാക്കൾക്ക് മാനസികമായ പിന്തുണയും സഹകരണവും ലഭിക്കാൻ ഫലപ്രദമായ മാർഗങ്ങളൊന്നും മിക്കയിടത്തും നിലവിലില്ല. 'ഇന്റർനെറ്റ് ഗ്രൂപ്പു' കളാണ് ഒരു പരിധിവരെയെങ്കിലും ഈ ധർമ്മം നിർവ്വഹിക്കുന്നത്. സ്തുത്യർഹമായ തരത്തിൽ പ്രവർത്തിക്കുന്ന ചില ഗ്രൂപ്പുകൾ ഇക്കൂട്ടത്തിലുണ്ടെന്നതും ആശ്വാസം തന്നെ. എന്നാൽ ഇത്തരം കൂട്ടായ്മകളിലേക്ക് അംഗത്വമന്വേഷിച്ചു ചെല്ലാനോ അതിൽ സജീവമായി ഇടപെടാനോ ഉള്ള സന്നദ്ധത നമ്മുടെ കമ്പ്യൂട്ടർ സാക്ഷരരായ മാതാപിതാക്കൾ പോലും കാണിക്കുന്നില്ല എന്നത് ദുഃഖകരമാണ്. പകരം മിക്കപ്പോഴും അവർ വീടെന്ന അഭേദ്യമായ കൂടിനുള്ളിൽ സ്വയം തടവു തീർക്കുന്നു.

വേണ്ടത്ര വകതിരിവോടെ പ്രതികരിക്കാൻ ത്രാണിയില്ലാത്ത തന്റെ മകൻ/ മകൾ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഏതേതുതരത്തിലാവും പെരുമാറുക എന്ന അപ്രവചനീയത ഓരോ അച്ഛനമ്മമാരുടെയും ഉറക്കം കളയുന്നതാണ്. പെൺകുട്ടികൾ അവരുടെ ആർത്തവാരംഭത്തിന്റെ പ്രായത്തോടടുക്കുമ്പോൾ ഏതൊക്കെ തരത്തിലാണ് അവരെ കാര്യങ്ങൾ പറഞ്ഞു ധരിപ്പിക്കേണ്ടത് എന്നറിയാതെ അമ്മമാർ കടുത്ത മാനസിക സമ്മർദ്ദത്തിലാകുന്നത് കാണാം. ശരീരവളർച്ചയുടെ പുതിയ പാതയിലൂടെയുള്ള അവരുടെ സഞ്ചാരത്തെപ്പറ്റിയുള്ള ആകുലതകളും അമ്മമാരെ അടിമുടി ഉലച്ചുകളയുന്നു.

പല പാശ്ചാത്യ രാജ്യങ്ങളിലും ഓട്ടിസം ബാധിച്ച കുഞ്ഞുങ്ങൾക്കും കുടുംബത്തിനും മാതൃകാപരമായ സാമൂഹ്യസുരക്ഷ ലഭിക്കുന്നുണ്ട്. ഇത്തരമൊരു കുഞ്ഞിന്റെ പഠന-പരിചരണങ്ങൾക്കായി അമേരിക്കൻ സർക്കാർ പ്രതിമാസം 3000 ഡോളർ നൽകുന്നുണ്ടത്രെ ! മാത്രമല്ല, 'ഒരു കുഞ്ഞിന് ഒരു ടീച്ചർ' എന്ന നിലയിൽ പ്രത്യേക പരിശീലന സൗകര്യമുള്ള കേന്ദ്രങ്ങളും ആരംഭിച്ചിരിക്കുന്നു. ഒക്യൂപേഷണൽ തെറാപ്പി, അപ്ലൈഡ് ബിഹേവിയറൽ അനാലിസിസ് (എ.ബി.എ) തുടങ്ങി കുറെയൊക്കെ പ്രയോജനകരമായ പരിശീലനസംവിധാനങ്ങളും വ്യാപകമായി വരുന്നു. ഇത്തരം പരിപാടികൾക്ക്

പൊതു ഇൻഷുറൻസ് പരിരക്ഷ ലഭിക്കുമെന്നു തോന്നുന്നില്ല. എന്നിരുന്നാലും സൗകര്യങ്ങളുടെ ലഭ്യത എടുത്തു പറയത്തക്ക കാര്യം തന്നെയാണ്. നമ്മുടെ നാട്ടിലെ സ്ഥിതി പരിശോധിച്ചാൽ കാര്യങ്ങൾ ഏറെ നിരാശാജനകമാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു വിഷയമായി ഓട്ടിസം ഇനിയും തിരിച്ചറിയപ്പെട്ടിട്ടില്ല. സാമ്പത്തിക സഹായം പോകട്ടെ, ശരിയായ രോഗനിർണ്ണയം തന്നെ നടക്കുന്നില്ല, പലപ്പോഴും ഇത് ബുദ്ധിമാന്ദ്യമെന്നോ സംസാരത്തിലുള്ള വൈകൽ എന്നോ ഒക്കെയാണ് മനസ്സിലാക്കുന്നത്. രോഗനിർണ്ണയം നടന്നാൽ തന്നെ ശരിയായ മാർഗനിർദ്ദേശങ്ങളോ സാദ്ധ്യതകളെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ അറിവോ മാതാപിതാക്കൾക്ക് ലഭിക്കുന്നില്ല.

അമിതവും അനാവശ്യവുമായ ഔഷധോപയോഗമാണ് നമ്മുടെ നാട്ടിലെ മറ്റൊരു ഗുരുതരമായ പ്രശ്നം.എന്തുരോഗത്തിനും മരുന്നുണ്ടാകണമെന്ന മുൻവിധി ജനത്തിനുണ്ടെന്നറിയുന്നതുകൊണ്ടാവണം ചികിത്സകന്മാരും അതേ മട്ടിൽ തുടരുന്നു. അപസ്മാരത്തിനും കടുത്ത മാനസിക രോഗങ്ങൾക്കും ഒക്കെയുള്ള ശക്തിയേറിയ ഔഷധങ്ങൾ യാതൊരടിസ്ഥാനവുമില്ലാതെ 'ഓട്ടിസ്റ്റിക് കുട്ടികൾ'ക്ക് കുറിച്ചുകൊടുക്കുന്നത് ഒട്ടും അപൂർവ്വമല്ല. ഇതിൽ മിക്കവയും ചെറിയ കുട്ടികളിൽ ഉപയോഗിക്കരുതെന്ന നിയമപരമായ മുന്നറിയിപ്പുള്ളവപോലുമാണ്. മറ്റു വൈദ്യശാസ്ത്രശാഖകളിൽ പ്രവർത്തിക്കുന്നവരും അവരുടേതായ രീതികളിൽ മരുന്നുകൊടുത്തുകൊണ്ടേയിരിക്കുന്നു. വിദേശത്തുനിന്നും വലിയ തുക മുടക്കി ഇറക്കുമതി ചെയ്യുന്ന വിറ്റാമിനുകളും ശുദ്ധീകരണൗഷധങ്ങളും സ്ഥിരമായി കുഞ്ഞുങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന നിരവധി മാതാപിതാക്കളുണ്ട്. ഇത്തരം ഔഷധങ്ങളിൽ മിക്കതും കൃത്യമായി നിരീക്ഷിക്കപ്പെട്ട ഗുണഫലങ്ങളുള്ളതോ വേണ്ടപോലെയുള്ള ഗവേഷണങ്ങൾക്കു ശേഷം വിപണനം ചെയ്യപ്പെടുന്നവയോ അല്ല. ഇവ വരുത്തിവയ്ക്കുന്ന സാമ്പത്തിക ഭാരത്തോടൊപ്പം ഇവയുടെ ദീർഘകാല പ്രത്യാഘാതങ്ങളും ഗൗവരതരമായ പരിഗണന അർഹിക്കുന്നുണ്ട്. നേരത്തെ സൂചിപ്പിച്ച വികസിത - പാശ്ചാത്യരാജ്യങ്ങളിൽ 'ഓട്ടിസ്റ്റിക് സവിശേഷ ഭക്ഷണം' വലിയ വ്യവസായമായി തഴച്ചുവളർന്ന് നിസ്സഹായരായ മാതാപിതാക്കളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നു.

ശരിയായ രോഗനിർണ്ണയത്തിനും വിലയിരുത്തലിനും ആശ്രയിക്കാവുന്നതായി ബാംഗ്ലൂരിലെ 'നിംഹാൻസ്' (NIMHANS) മാത്രമാണുള്ളത്. ഇതേ നിലവാരത്തിലുള്ളൊരു സ്ഥാപനം ഇനിയും കേരളത്തിലില്ല. അതുപോലെ സ്പീച്ച് തെറാപ്പിക്കായി ആശ്രയിക്കാവുന്ന ഒന്നാണ് മൈസൂരിലെ 'ഐഷ് ' (AIISH All India Institute for speech and Hearing) ഇവിടുത്തെ സേവനം ലഭിക്കാനായി നിരവധിയാളുകൾ ഇതിനു ചുറ്റുവട്ടത്തായി വീടുകൾ വാടകയ്ക്കെടുത്ത് വർഷങ്ങളോളം താമസിക്കുന്നുണ്ട്. ഇതിന്റെ സാമ്പത്തിക സമ്മർദ്ദം എടുത്തുപറയേണ്ടതില്ലല്ലോ. ഒക്യുപേഷണൽ തെറാപ്പിപോലുള്ള സൗകര്യങ്ങൾ കേരളത്തിൽ ഇനിയും വേണ്ടത്ര ലഭ്യമല്ല.

അമേരിക്ക പോലുള്ള ഒരു വികസിത രാജ്യത്ത് ലഭ്യമാക്കുന്ന എല്ലാ സൗകര്യങ്ങളും നമ്മുടെ നാട്ടിൽ ലഭ്യമാക്കാൻ സാധിക്കുമോ? നിശ്ചയമായും സാധിക്കണം എന്നുമാത്രമേ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുക്കുമ്പോൾ പറയാനാവൂ. പരിമിതമായ വിഭവശേഷി മാത്രമുള്ളപ്പോഴും വികസിത രാഷ്ട്രങ്ങൾക്കൊപ്പമുള്ള ജീവിതനിലവാരം എത്തിപ്പിടിക്കാൻ മലയാളിയ്ക്കായി എന്നാണല്ലോ നമ്മുടെ അഭിമാനം. അമേരിക്കയാണ് എല്ലാ കാര്യത്തിലും നമുക്ക് മാതൃക. സ്വാഭാവികമായും രോഗങ്ങളുടെ വ്യാപ്തിയിലും സ്വഭാവത്തിലും നമ്മൾ അതേ പാതയിലൂടെയാണ് സഞ്ചാരം. അതിനാൽ അതിനനുരൂപമായി വേണ്ട സൗകര്യങ്ങളൊരുക്കാനും നമുക്ക് കഴിയണം. കാരണം ഇതു തലമുറകൾ തന്നെ കെട്ടുപോകുന്ന കാര്യമാണ്.

നയരൂപീകരണത്തിലും നിർവ്വഹണത്തിലും അവകാശ സംരക്ഷണ- ഉപഭോക്തൃ ഗ്രൂപ്പുകൾക്ക് അമേരിക്ക പോലുള്ള രാഷ്ട്രങ്ങളിൽ ചെലുത്താൻ സാധിക്കുന്ന സമ്മർദ്ദം ഇവിടെ സാധിക്കുന്നില്ല. ഇതിനൊരുദാഹരണമാണ് വാക്സിനുകളുടെ കാര്യത്തിൽ സംഭവിച്ചത്. വാക്സിനുകളിൽ പ്രിസർവേറ്റീവ് ആയി ഉപയോഗിച്ചിരുന്ന രാസവസ്തുവാണ് തൈമറോസാൽ (Thimerosal). ഇത് ഉയർന്ന അളവിൽ മെർക്കുറി അടങ്ങിയിട്ടുള്ള സംയുക്തമാണ്. ഇത് കുട്ടികളിലെ ഓട്ടിസം സാധ്യത പതിന്മടങ്ങ് വർദ്ധിക്കുന്നു എന്നു സൂചിപ്പിക്കുന്ന ഗവേഷണഫലങ്ങൾ പുറത്തുവന്നതിനെ തുടർന്ന് നേരത്തെ സൂചിപ്പിച്ച ഉപഭോക്തൃസംഘങ്ങൾ പ്രക്ഷോഭത്തിനൊരുങ്ങുകയും അവരുടെ ശ്രമഫലമായി തൈമറോസാൽ അടങ്ങുന്ന വാക്സിനുകൾ അമേരിക്കയിൽ പൂർണമായും നിരോധിക്കുകയും ചെയ്തു. എന്നാൽ നമ്മുടെ നാട്ടിൽ ഈ വാക്സിനുകൾക്ക് നിയന്ത്രണമെന്തെങ്കിലും നിലവിലുള്ളതായി അറിവില്ല. മാത്രമല്ല, ഇത്തരം വിഷയങ്ങൾ ഏറെ പ്രബുദ്ധത അവകാശപ്പെടുന്ന നമ്മുടെ സാമൂഹിക-രാഷ്ട്രീയ വൃത്തങ്ങളിൽ പരിഗണിക്കപ്പെടാറേയില്ല. പകരം WHO പോലുള്ള ഏജൻസികളുടെ ആധികാരികതയും ശാസ്ത്രീയതയും നാം നിരുപാധികം വകവച്ചുകൊടുക്കാറാണ് പതിവ്.

രണ്ടു വർഷം മുൻപ് തൃശൂരിൽ ആരംഭിച്ച 'ഓട്ടിസം ട്രെയ്നിങ്ങ് സെന്ററി'ൽ പേരിനുള്ള പങ്കാളിത്തവും എസ്. എസ്.എയുടെ കീഴിൽ ഉള്ള ഓട്ടിസം സൊസൈറ്റിയും ഒഴിച്ചു നിർത്തിയാൽ ഇത്തരം കുട്ടികൾക്കായി എന്തെങ്കിലും ഒരു നീക്കം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായതായി അറിയില്ല. ചില നിയോജക മണ്ഡലങ്ങളിൽ 'സമഗ്ര ഓട്ടിസം പാർക്ക്' പോലുള്ള ആശയങ്ങളെപ്പറ്റി ചിലതെല്ലാം കേട്ടിരുന്നെങ്കിലും നടന്നിട്ടുണ്ടെന്നു തോന്നുന്നില്ല. സർവ്വശിക്ഷാ സംവിധാനത്തിൽ (എസ്.എസ്.എ) പ്രത്യേകാവശ്യങ്ങളുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക ടീച്ചർമാരെ നിയോഗിക്കാനാവുമെങ്കിലും മിക്കപ്പോഴും ഇതൊരു 'സർവ്വാണി സദ്യ'യാണ്. ഓട്ടിസം കുട്ടികൾക്കുവേണ്ട പ്രത്യേക രീതികളൊന്നും ഇവിടങ്ങളിൽ നടപ്പില്ല. ഒന്നുമില്ലാത്തതിനേക്കാൾ ഭേദം എന്നു മാത്രം.

ഓട്ടിസം ഇന്നൊരു കാൽപനിക ചിത്രമല്ല, വീട്ടുമുറ്റത്തെ യാഥാർത്ഥ്യമാണ്. ഈ കുട്ടികൾ, ഈ മാതാപിതാക്കൾ, പരിചാരകർ ഇങ്ങനെ എല്ലാവരും കുറേക്കൂടി ശ്രദ്ധയോടെയുള്ള പരിഗണനയും പിന്തുണയും അർഹിക്കുന്നുണ്ട്. അവരുടെ മാത്രം സുരക്ഷിതത്വത്തിനല്ല, സമൂഹത്തിന്റെ മൊത്തം സന്തുലനത്തിനും അത് ഒഴിച്ചുകൂടാനാവാത്തതാണ്.